

കേരളീയം

# ആരോഗ്യം

ലക്കം
77-79

ലക്കം 20-22 • പുസ്തകം 5 • 2003 നവംബർ-2004 ജനുവരി
1179 തുലാം-ധനു 15 • പേജ് 68 • വില 20 രൂപ

ആരോഗ്യം: വ്യക്തിപരവും സാമൂഹികവും *2*
വൈദ്യഭൂഷണം കെ. രാഘവൻ തിരുമൂൽപ്പാട്

സാന്ത്വന ചികിത്സക്കുവേണ്ടത് കരുണയും നീതിബോധവും (അഭിമുഖം) *3*
ഡോ. ഇ. ദിവാകരൻ - ഷീബ അമീർ

സ്നേഹം: ഔഷധം *6*
പി.എൻ. ദാസ്

സുഖപ്രസവം - ഒരച്ഛന് പറയാനുള്ളത് *8*
ടി.ആർ. സന്തോഷ്കുമാർ

ആരോഗ്യകരമായ കാഴ്ച *11*
ഡോ. എം. പ്രസാദ്

മാക്രോബയോട്ടിക്സ് : കാൻസറിലൂടെ ഒരു ആരോഗ്യമാർഗ്ഗം (ചികിത്സാനുഭവം) *13*
ജോസാന്റണി മൂലേച്ചാലിൽ

കനവിന്റെ ആരോഗ്യ ദർശനം *16*
ആർ. ഗോപാൽ

ആരോഗ്യ പരിപാലനമോ ആതുരവേട്ടയോ ? *17*
പ്രൊഫ. കെ.ആർ. സേതുരാമൻ / പി. സുന്ദരരാജൻ

സാരംഗ്-ആരോഗ്യജീവിതത്തിന്റെ ഹരിത പാഠങ്ങൾ *19*

കണക്കു പുസ്തകങ്ങളിലില്ലാത്തത് *21*
കെ.ആർ. ഇന്ദിര

ആഖ് നദിയിൽ നീന്തിയതെങ്ങനെ ? (അനുഭവം) *23*
ഡോ. എം.ആർ. ഗോവിന്ദൻ

ആധുനികശാസ്ത്രത്തിൽ സംഗീത ചികിത്സ *27*
ജി. ജയലക്ഷ്മി

ജിദ്ദു കൃഷ്ണമൂർത്തി - ആരോഗ്യത്തിന്റെ സമഗ്രമായ സമീപനം *29*
കെ.ബി. സുമൻ

പൂവ് കാണുമ്പോൾ പേടിയാകുന്നു *31*
ജയൻ പി.എം.

സാമൂഹികാരോഗ്യം - ഒരു തത്വവിചാരം *33*
ഡോ. നിസാർ അഹമ്മദ്

ലോക വ്യാപാരസംഘടനയുടെ ഇടപെടൽ *43*
സി.ആർ. നീലകണ്ഠൻ

മധുലിഖ മരണത്തിലൂടെ കൈമാറിയത് *45*
ഷീബ അമീർ

വാഹന അപകടങ്ങളും ആരോഗ്യവും *48*

പോളിയോ വരാതിരിക്കാൻ എന്തു ചെയ്യണം ? *51*
സാജൻ, സിന്ധു

ചികിത്സ - തിരിച്ചറിവ് *59*
ഡോ. പ്രവീൺ ടി. ധർമ്മരത്നം

## ആരോഗ്യത്തെക്കുറിച്ച് തന്നെ

ആരോഗ്യത്തെക്കുറിച്ചാണ് - രോഗത്തെക്കുറിച്ചോ ചികിത്സയെക്കുറിച്ചോ അല്ല - നമുക്ക് പറയാനുള്ളത്. നിർഭാഗ്യവശാൽ ആരോഗ്യമേഖലയെക്കുറിച്ചുള്ള ചർച്ചയിലും അന്വേഷണത്തിലും സാമൂഹികാരോഗ്യവും പൊതുജനാരോഗ്യവും വേണ്ടത്ര ആഴത്തിൽ, പഠിയ്ക്കപ്പെടുന്നില്ല. "സുഖം സത്യം രോഗം മിഥ്യ" എന്ന സങ്കൽപ്പത്തിൽ മുന്നേറേണ്ട ആരോഗ്യരംഗം "രോഗം സത്യം സുഖം മിഥ്യ" എന്നായി മാറിയിരിയ്ക്കുന്നു. ചികിത്സാവ്യവസായത്തെ കേന്ദ്രീകരിച്ചുള്ള ദിശയും സേവനമേഖലയിൽ നിന്ന് "വെറും ലാഭം മാത്രം" ലാക്കാക്കിയുള്ള മുടിഞ്ഞ കാലത്തേയ്ക്കുള്ള യാത്രയും, അത് വേണ്ടത്ര തിരിച്ചറിയാനോ മാറ്റിതീർക്കാനോ കഴിയാത്ത നിസ്സഹായതയും, നമ്മുടെ ഇന്നത്തെ കാലത്തെ അടയാളപ്പെടുത്തുന്നുണ്ട്. രോഗചികിത്സയുടെ അടിസ്ഥാനത്തിൽ നോക്കിയാലും വൈവിധ്യത്തിന്റെയും സാധ്യതകളുടെയും അനേക ചികിത്സാധാരകൾക്കുപകരം ആധുനികതയുടെ ഏകരീതിയിലേയ്ക്ക് മാറുകയാണ്. ഇതിനും പുറമെ ആധുനിക സാങ്കേതികവിദ്യയെ ആവശ്യത്തിലേറെയോ അനുയോജ്യമല്ലാതെയോ ആശ്രയിച്ച് അടിസ്ഥാനങ്ങളെ തകർത്ത് ആരോഗ്യക്ലേശങ്ങൾ കൂടുതലുണ്ടാവുന്നു. ഇതേ സമയം, സമാന്തരമായി, അലോപ്പതിയൊഴിച്ചുള്ള ചികിത്സാശാഖകളും ആധുനിക വൈദ്യത്തിന്റെ ചൂഷണമുഖങ്ങളോട് മത്സരിച്ച് അവരവരുടെ ശാഖയിലെ നന്മയും ധാർമ്മികതയും നഷ്ടപ്പെടുത്തുന്ന കൂട്ടപാച്ചിലിലാണ്. ചുറ്റും അശക്തരും രോഗികൾ മാത്രമായ വ്യക്തികളും സമൂഹങ്ങളുമാണോ വളരുന്നത്? ശക്തർക്ക് കൂടുതൽ ശക്തരാകാൻ സൗകര്യം ലഭിയ്ക്കുന്ന ആഗോളവൽക്കരണം മൊത്തം സ്ഥിതിഗതികളെ കൂടുതൽ രോഗാതുരമാക്കുന്നു.

അതിജീവനത്തിന് ഒറ്റമൂലികളില്ല. പൊതുവായ ഇടങ്ങൾ ഉണ്ടാക്കാൻ, നഷ്ടപ്പെടുന്നത് തിരിച്ചുപിടിയ്ക്കാൻ, .... ശ്രമകരമെങ്കിലും മെച്ചപ്പെട്ടൊരു ലോകം-സ്നേഹവും നീതിയും കരുണയും നിലനില്പുമുള്ള മറ്റൊരു ലോകം-സാധ്യമാക്കേണ്ടതുണ്ട്. ആലോചനകളോ ബദലുകളോ താത്വികാന്വേഷണങ്ങളോ ജീവിതാനുഭവങ്ങളോ സ്വപ്നങ്ങളോ ഒക്കെയാണിതിൽ. ശരീരത്തിനുമപ്പുറത്ത് രോഗത്തിനുമപ്പുറത്ത് ആരോഗ്യത്തിലേയ്ക്കുള്ള 'കേരളീയ'ത്തിന്റെ ഈ എളിയ ശ്രമത്തെ കഴിഞ്ഞ അഞ്ചുവർഷമായി ഞങ്ങളോടൊപ്പമുണ്ടായിരുന്ന വായനക്കാർക്കും അഭ്യുദയകാംക്ഷികൾക്കുമായി സമർപ്പിക്കുന്നു.

ആരോഗ്യാശംസകളോടെ,
**പത്രാധിപർ**

പത്രാധിപർ : പ്രമോദ്, ഏകോപനം : റോബിൻ, പരസ്യം : എം.പി.എ. ലത്തീഫ്, ജോൺ സെബാസ്റ്റ്യൻ
സാങ്കേതിക സഹായം : ബ്രഹ്മപുത്രൻ, സുനിൽ, പ്രശാന്ത്, ഷൈല, ജയ, ചന്ദ്രൻ, അശോകൻ, ജയപ്രകാശ്, ഹുസൈൻ, ബേബി, വി.എം.ഗിരിജ
വർ: വിനയ്ലാൽ, ഫോട്ടോ: അജിലാൽ, മധുരാജ്, ചിത്രീകരണം: മോഹനൻ. വി., രാജൻ സി.എസ്. ടൈപ്പ് സെറ്റിങ്ങ്: മൗസ് & മൈന്റ്സ്, തൃശൂർ-1